compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 സെപ്റ്റംബർ 02
Tuesday, 02nd September 2025

1201 ചിങ്ങം 17
17th Chingam 1201

1947 ഭാദ്രം 11
11th Bhadra 1947

വാല്യം 14
Vol. XIV

നമ്പർ / **No.** **35**

Part III

Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പത്തനംതിട്ട ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: ശ്രീമതി ബിന്ദു.എസ്.)

(1)

നമ്പർ JRGPTA/1611/2025-AEL. 2025 ആഗസ്റ്റ് 5.

വിഷയം :—സഹകരണ വകുപ്പ്—പെരുമ്പെട്ടി അത്യാൽ എം.റ്റി യു. പി. സ്കൂൾ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 524-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നത് —സംബന്ധിച്ച്.

സൂചന :—(1) മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ)-ടെ 20-2-2025-ലെ ARGMPY/12/2025-UI(2)നമ്പർ കത്ത്.

(2) ഈ ആഫീസിൽ നിന്നും മല്ലപ്പള്ളി സർക്കിൾ സഹകരണയൂണിയൻ സെക്രട്ടറി/ചെയർമാൻ, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് , ജനറൽ മാനേജർ എന്നിവർക്ക് നൽകിയ 5-6-2025- ാം തീയതിയിലെ JRGPTA/530/2025/CS നമ്പർ കത്ത്.

(3) മല്ലപ്പള്ളി സർക്കിൾ സഹകരണയൂണിയൻ സെക്രട്ടറി/ചെയർമാന്റെ 15-7-2025-ലെ ARGMPY/151/2025-UI(2)നമ്പർ കത്ത്.

പെരുമ്പെട്ടി അത്യാൽ എം.റ്റി. യു. പി. സ്കൂൾ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 524 പ്രവർത്തനരഹിതമായിരുന്നുവെന്നും, ആയതിന്റെ പ്രവർത്തനം സംബന്ധിച്ച് കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തുകയുണ്ടായെന്നും സ്വന്തമായി ആഫീസോ, ഭരണസമിതിയോ, അഡ്മിനിസ്ട്രേറ്ററോ, മറ്റ് ആസ്തികളോ ഇല്ലാത്ത പ്രസ്തുത സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാദ്ധ്യതയും ഇല്ലെന്നും ആയതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സൂചന (1) പ്രകാരം മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) അപേക്ഷിച്ചിരിക്കുന്നു. ആയത് സംബന്ധിച്ച് സൂചന (2) പ്രകാരം മല്ലപ്പള്ളി സർക്കിൾ സഹകരണ/യൂണിയൻ സെക്രട്ടറി/ചെയർമാൻ, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എന്നിവരോട് അഭിപ്രായം ആരാഞ്ഞിരുന്നെങ്കിലും, സൂചന (3) പ്രകാരം മല്ലപ്പള്ളി സർക്കിൾ സഹകരണ/യൂണിയൻ സെക്രട്ടറി/ചെയർമാൻ ടി സംഘത്തെ നിറുത്തൽ ചെയ്തുകൊണ്ട് ലിക്വിഡേറ്ററെ നിയമിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതും, എന്നാൽ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ നാളിതുവരേയും അഭിപ്രായം ഒന്നും അറിയിക്കാത്ത സാഹചര്യത്തിലും തികച്ചും പ്രവർത്തനരഹിതമായ പ്രസ്തുതസംഘത്തെ പുനരുദ്ധീകരിക്കുന്നതിന് യാതൊരു സാദ്ധ്യതയും ഇല്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ താഴെ പരാമർശിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

പെരുമ്പെട്ടി അത്യാൽ എം.റ്റി. യു. പി.സ്കൂൾ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 524- ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമത്തിലെ 71(1) വകുപ്പിനനുസൃതമായി നിർത്തൽ ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത സംഘത്തിന്റെ ലിക്വിഡേറ്ററായി മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എഴുമറ്റൂർ യൂണിറ്റ് ഇൻസ്പെക്ടറെ കേരളസഹകരണ സംഘം നിയമത്തിലെ 72-ാം വകുപ്പിനനുസൃതമായി ഇതിനാൽ നിയമിച്ചുകൊള്ളുന്നു. ലിക്വിഡേറ്റർ ഉടൻ തന്നെ സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഏറ്റെടുക്കേണ്ടതും, അപ്പീൽ കാലാവധിയായ 60 ദിവസത്തിനുശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത തീയതിയിലെ കടധന പട്ടിക, ചാർജ്ജ് എടുത്ത തീയതിയിലെ ആസ്തികളുടെയും, റിക്കാർഡുകളുടെയും പട്ടിക, ചാർജ്ജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ആഫീസിലേക്ക് സമർപ്പിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2)

നമ്പർ JRGPTA/1617/2025-AEL. 2025 ആഗസ്റ്റ് 6.

വിഷയം :—സഹകരണ വകുപ്പ്—ആനിക്കാട് കൺസ്യൂമർ സഹകരണ സംഘം (ക്ലിപ്തം)നമ്പർ എ 767-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ)-ടെ 22-1-2025-ലെ E1/2025 നമ്പർ കത്ത്.

(2) ഈ ആഫീസിൽ നിന്നും മല്ലപ്പള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്, ജനറൽ മാനേജർ എന്നിവർക്ക് നൽകിയ 11-6-2025 ാം തീയതിയിലെ JRGPTA/527/2025/CS നമ്പർ കത്ത്.

(3) മല്ലപ്പള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാന്റെ 10-7-2025-ലെ ARGMPY/152/2025/-UI(2)നമ്പർ കത്ത്.

ആനിക്കാട് കൺസ്യൂമർ സഹകരണസംഘം (ക്ലിപ്തം) നമ്പർ എ767 പ്രവർത്തന രഹിതമായിരുന്നുവെന്നും, ആയതിന്റെ പ്രവർത്തനം സംബന്ധിച്ച് കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തുകയുണ്ടായെന്നും സ്വന്തമായി ആഫീസോ, ഭരണസമിതിയോ, അഡ്മിനിസ്ട്രേറ്ററോ, മറ്റ് ആസ്തികളോ ഇല്ലാത്ത പ്രസ്തുത സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാദ്ധ്യതയും ഇല്ലെന്നും ആയതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സൂചന (1) പ്രകാരം മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) അപേക്ഷിച്ചിരിക്കുന്നു. ആയത് സംബന്ധിച്ച് സൂചന (2) പ്രകാരം മല്ലപ്പള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എന്നിവരോട് അഭിപ്രായം ആരാഞ്ഞിരുന്നെങ്കിലും, സൂചന (3) പ്രകാരം മല്ലപ്പള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ ടി സംഘത്തെ നിറുത്തൽ ചെയ്തുകൊണ്ട് ലിക്വിഡേറ്ററെ നിയമിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതും, എന്നാൽ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ നാളിതുവരേയും അഭിപ്രായം ഒന്നും അറിയിക്കാത്ത സാഹചര്യത്തിലും തികച്ചും പ്രവർത്തനരഹിതമായ പ്രസ്തുതസംഘത്തെ പുനരുദ്ധീകരിക്കുന്നതിന് യാതൊരു സാദ്ധ്യതയും ഇല്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ താഴെ പരാമർശിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ആനിക്കാട് കൺസ്യൂമർ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 767-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമത്തിലെ 71(1) വകുപ്പിനനുസൃതമായി നിർത്തൽ ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത സംഘത്തിന്റെ ലിക്വിഡേറ്ററായി മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എഴുമറ്റൂർ യൂണിറ്റ് ഇൻസ്പെക്ടറെ കേരളസഹകരണ സംഘം നിയമത്തിലെ 72-ാം വകുപ്പിനനുസൃതമായി ഇതിനാൽ നിയമിച്ചുകൊള്ളുന്നു. ലിക്വിഡേറ്റർ ഉടൻ തന്നെ സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഏറ്റെടുക്കേണ്ടതും, അപ്പീൽ കാലാവധിയായ 60 ദിവസത്തിനുശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത തീയതിയിലെ കടധന പട്ടിക, ചാർജ്ജ് എടുത്ത തീയതിയിലെ ആസ്തികളുടെയും, റിക്കാർഡുകളുടെയും പട്ടിക, ചാർജ്ജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ആഫീസിലേക്ക് സമർപ്പിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3)

നമ്പർ JRGPTA/1600/2025-AEL. 2025 ആഗസ്റ്റ് 19.

വിഷയം :—സഹകരണ വകുപ്പ്—പാതിക്കാട് ഗ്രൂപ്പ് യു.പി. സ്കൂൾ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 585-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ)-ടെ 20-2-2025-ലെ ARGMPY/11/2025-UI(2)നമ്പർ കത്ത്.

(2) ഈ ആഫീസിൽ നിന്നും മല്ലപ്പള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, കേരള സംസ്ഥാന സഹകരണ ബാങ്ക് പത്തനംതിട്ട ജനറൽ മാനേജർ എന്നിവർക്ക് നൽകിയ 7-6-2025- തീയതിയിലെ JRGPTA/531/2025/CS നമ്പർ കത്ത്.

(3) മല്ലപ്പള്ളിസർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാന്റെ 10-07-2025-ലെ ARGMPY/150/2025-UI(2)നമ്പർ കത്ത്.

പാതിക്കാട് ഗ്രൂപ്പ് യു.പി. സ്കൂൾ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ,585 പ്രവർത്തനരഹിതമായിരുന്നുവെന്നും, ആയതിന്റെ പ്രവർത്തനം സംബന്ധിച്ച് കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തുകയുണ്ടായെന്നും സ്വന്തമായി ആഫീസോ, ഭരണസമിതിയോ, അഡ്മിനിസ്ട്രേറ്ററോ, മറ്റ് ആസ്തികളോ ഇല്ലാത്ത പ്രസ്തുത സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാദ്ധ്യതയും ഇല്ലെന്നും ആയതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സൂചന (1) പ്രകാരം മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) അപേക്ഷിച്ചിരിക്കുന്നു. ആയത് സംബന്ധിച്ച സൂചന (2) പ്രകാരം മല്ലപ്പള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, കേരള സംസ്ഥാന സഹകരണ ബാങ്ക്(പത്തനംതിട്ട) ജനറൽ മാനേജർ എന്നിവരോട് അഭിപ്രായം ആരാഞ്ഞിരുന്നെങ്കിലും, സൂചന (3) പ്രകാരം മല്ലപ്പള്ളി സർക്കിൾ സഹകരണയൂണിയൻ സെക്രട്ടറി/ചെയർമാൻ ടി സംഘത്തെ നിറുത്തൽ ചെയ്തുകൊണ്ട് ലിക്വിഡേറ്ററെ നിയമിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതും, എന്നാൽ സംസ്ഥാന സഹകരണ ബാങ്ക് ജനറൽ മാനേജർ പത്തനംതിട്ട നാളിതുവരേയും അഭിപ്രായം ഒന്നും അറിയിക്കാത്ത സാഹചര്യത്തിലും തികച്ചും പ്രവർത്തനരഹിതമായ പ്രസ്തുത സംഘത്തെ പുനരുദ്ധീകരിക്കുന്നതിന് യാതൊരു സാദ്ധ്യതയും ഇല്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ താഴെ പരാമർശിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

പാതിക്കാട് ഗ്രൂപ്പ് യു.പി. സ്കൂൾ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ,585-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമത്തിലെ 71(1) വകുപ്പിനനുസൃതമായി നിർത്തൽ ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത സംഘത്തിന്റെ ലിക്വിഡേറ്ററായി മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എഴുമറ്റൂർ യൂണിറ്റ് ഇൻസ്പെക്ടറെ കേരള സഹകരണ സംഘം നിയമത്തിലെ 72-ാം വകുപ്പിനനുസൃതമായി ഇതിനാൽ നിയമിച്ചുകൊള്ളുന്നു. ലിക്വിഡേറ്റർ ഉടൻ തന്നെ സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഏറ്റെടുക്കേണ്ടതും, അപ്പീൽ കാലാവധിയായ 60 ദിവസത്തിനുശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത തീയതിയിലെ കടധന പട്ടിക, ചാർജ്ജ് എടുത്ത തീയതിയിലെ ആസ്തികളുടെയും, റിക്കാർഡുകളുടെയും പട്ടിക, ചാർജ്ജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ആഫീസിലേക്ക് സമർപ്പിക്കേണ്ടതാണ്.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ)-ടെ കാര്യാലയം, (ഒപ്പ്)
പത്തനംതിട്ട. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

നമ്പർ 447/2025/UI(3). 2025 ആഗസ്റ്റ് 2.

വണ്ടൂർ ബ്ലോക്ക് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ മാർക്കറ്റിംഗ് & പ്രോസസ്സിംഗ് സൊസൈറ്റി ലിമിറ്റഡ് നമ്പർ എം. 511-ന്റെ ലിക്വിഡേറ്ററായി വണ്ടൂർ യൂണിറ്റ് ഇൻസ്പെക്ടറായ എന്നെ മലപ്പുറം ജില്ലാ ജനറൽ ജോയിന്റ് രജിസ്ട്രാറുടെ 26-3-2025-ലെ JRMPM/2862/2024-HMC1 നമ്പർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം ലിക്വിഡേറ്റർ 30-4-2025 തീയതിക്ക് ചാർജ്ജ് ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത സംഘത്തിൽ നിന്ന് എന്തെങ്കിലും തുക ലഭിക്കുവാനുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 2 മാസത്തിനുള്ളിൽ എന്നെ നേരിട്ടോ ചുമതലപ്പെട്ട ഏജന്റ് മുഖാന്തിരമോ അറിയിക്കേണ്ടതാണെന്നും ടി സംഘത്തിലേക്ക് ഏതെങ്കിലും ഇനത്തിൽ അടയ്ക്കാനുള്ള തുക നേരിൽ തന്ന് രസീതി വാങ്ങേണ്ടതാണെന്നും ഇതിനാൽ പൊതുജനങ്ങളേയും സംഘാംഗങ്ങളേയും അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
ലിക്വിഡേറ്റർ,
വണ്ടൂർ ബ്ലോക്ക് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ
മാർക്കറ്റിംഗ് & പ്രോസസ്സിംഗ് സൊസൈറ്റി
ലിമിറ്റഡ് നമ്പർ എം. 511, വണ്ടൂർ യൂണിറ്റ്
ഇൻസ്പെക്ടർ, അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ഓഫീസ്, നിലമ്പൂർ.

സഹകരണ സംഘം
ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ
കാര്യാലയം, മലപ്പുറം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കോഴിക്കോട് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: എൻ. എം. ഷീജ)

(1)

നമ്പർ സി. എസ്-393/2024. 2025 ആഗസ്റ്റ് 13.

വിഷയം: —സഹകരണ വകുപ്പ്—മണിയൂർ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ ഡി 2403—സമാപ്തീകരണം—ലിക്വിഡേറ്ററെ നിയോഗിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) വടകര അസിസ്റ്റന്റ് രജിസ്ട്രാറുടെ 4-12-2023- ലെ യുഐ (6) 172/2023 നമ്പർ കത്ത്.

(2) വില്ല്യാപ്പള്ളി യൂണിറ്റ് ഇൻസ്പെക്ടറുടെ 66 (2) പരിശോധന റിപ്പോർട്ട്.

മണിയൂർ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ ഡി 2403-ൽ കേരള സഹകരണ നിയമം വകുപ്പ് 66(2) പ്രകാരമുള്ള പരിശോധന നടത്തി സംഘം ദീർഘകാലമായി പ്രവർത്തന രഹിതമാണെന്നും സംഘത്തിന്റെ പുനരുജ്ജീവനം സാധ്യമല്ലെന്നും കണ്ടെത്തി സൂചന (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് സൂചന (2) പ്രകാരം വടകര അസിസ്റ്റന്റ് രജിസ്ട്രാർ സംഘത്തെ സഹകരണ നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് സമർപ്പിച്ചിരിക്കുകയാണ്.

സംഘത്തിന്റെ പ്രവർത്തനം 15-7-1987-ൽ രജിസ്റ്റർ ചെയ്ത് 9-8-1987-ൽ ആരംഭിച്ചതാണ്. എന്നാൽ സംഘം ദീർഘകാലമായി പ്രവർത്തന രഹിതമാണെന്നും സംഘത്തിന്റെ യാതൊരുവിധ രേഖകളും കണ്ടെത്താൻ സാധിച്ചിട്ടില്ലായെന്നും, ഭരണസമിതി, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി എന്നിവ നിലവിൽ ഇല്ലായെന്നും എന്നാൽ 2021-22 വർഷം വരെ ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും ബോധിപ്പിച്ചിരിക്കുന്നു.

സംഘത്തിന്റെ സാമ്പത്തിക സ്ഥിതി 2020-21 ആഡിറ്റ് പ്രകാരം 122 അംഗങ്ങളുടെ ഓഹരി തുക 28,750 രൂപയും സർക്കാർ ഓഹരി ഇനത്തിൽ 17,500 രൂപയും ബാക്കി നില്പുണ്ടെന്നും ബോധിപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ സംഘം ദീർഘകാലമായി പ്രവർത്തന രഹിതമാണെന്നും സംഘത്തിന്റെ പുനരുജ്ജീവനം സാധ്യമല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും അസിസ്റ്റന്റ് രജിസ്ട്രാറുടെ ശുപാർശ പരിഗണിച്ചും ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

മണിയൂർ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ ഡി 2403-ൽ കേരള സഹകരണ നിയമം വകുപ്പ് 66(2) പ്രകാരമുള്ള പരിശോധന നടത്തി സംഘം ദീർഘകാലമായി പ്രവർത്തന രഹിതമാണെന്നും സംഘത്തിന്റെ പുനരുജ്ജീവനം സാധ്യമല്ലെന്നും ബോധ്യപ്പെട്ടതിനാൽ കേരള സഹകരണ നിയമം വകുപ്പ് 71(1) പ്രകാരം സംഘം ലിക്വിഡേഷൻ ചെയ്യുന്നതിന് വകുപ്പ് 72(1) പ്രകാരം വടകര അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ വില്ല്യാപ്പള്ളി യൂണിറ്റ് ഇൻസ്പെക്ടർ ശ്രീ. മനോജൻ, എം. എം., ജൂനിയർ ഇൻസ്പെക്ടറെ നിയോഗിച്ച് ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ അറിയിക്കണമെന്നും, രണ്ട് വർഷത്തിനുള്ളിൽ സമാപ്തീകരണം പൂർത്തീകരിക്കണമെന്നും സമാപ്തീകരണവുമായി ബന്ധപ്പെട്ട ചെലവ് സംഘം വഹിക്കണമെന്നും ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2)

നമ്പർ സി. എസ്-1470/2024. 2025 ആഗസ്റ്റ് 13.

വിഷയം: —സഹകരണ വകുപ്പ്—കേരള റെഡിമെയ്ഡ് ഗാർമെന്റ്സ് സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ (ക്ലിപ്തം) നമ്പർ ഡി 4419-നെ കേരള സഹകരണ നിയമം വകുപ്പ് 71(1) പ്രകാരം സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കോഴിക്കോട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ 18-5-2024-ലെ ബി 1069/2024 നമ്പർ ഉത്തരവ്.

(2) കോഴിക്കോട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ 12-1-2023-ലെ ബി 2611/2022 നമ്പർ ഉത്തരവ്

കേരള റെഡിമെയ്ഡ് ഗാർമെന്റ്സ് സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ (ക്ലിപ്തം) നമ്പർ ഡി 4419 കേരള സഹകരണ നിയമം വകുപ്പ് 66(2) പ്രകാരം പരിശോധന നടത്തി റിപ്പോർട്ട് സൂചന (1) പ്രകാരം സമർപ്പിച്ചിരിക്കുകയാണ്.

സംഘം 26-9-1998-ൽ രജിസ്റ്റർ ചെയ്ത് 9-10-1998-ൽ സെൻട്രൽ സംഘമായി പ്രവർത്തനം ആരംഭിച്ചതാണ്. സംഘത്തിന്റെ ആസ്ഥാനം ജവഹർ ബിൽഡിംഗ്, കെ. പി. കേശവൻ റോഡ് എന്നായിരുന്നു. പ്രവർത്തന പരിധി കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളാണ്. അംഗസംഘങ്ങളിൽ നിന്നും 6 പേരും സർക്കാർ നോമിനികളിലായി 3 പേരും അടങ്ങിയ 9 പേരായിരുന്നു ഭരണസമിതി അംഗങ്ങൾ. സംഘങ്ങളിൽനിന്നും 6 പേരെ ഭരണസമിതിയിലേക്ക് 3-6-2012-ൽ തെരഞ്ഞെടുക്കുകയും ചെയർപേഴ്സണായി ശ്രീമതി സൗദാമിനിയെയും തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. നിലവിൽ സംഘത്തിൽ ഭരണസമിതിയോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ ഇല്ലായെന്നും ബോധിപ്പിച്ചിരിക്കുന്നു.

1999-2000 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം 64,000 രൂപ ഓഹരി മൂലധനവും 23.77 ലക്ഷം രൂപ ഗവ. ഓഹരി മൂലധനം ഉൾപ്പെടെ 30.17 ലക്ഷം രൂപയുടെ ഓഹരി മൂലധനം നിലവിലുണ്ട്. സർക്കാർ വായ്പയായി 23.77 ലക്ഷം രൂപയും ധനസഹായം ലഭിച്ചിട്ടുണ്ട്. ഇവയൊന്നും തിരിച്ചടച്ചിട്ടില്ല.

വായ്പ ഇനത്തിൽ 15-5-2024 വരെ മുതൽ 23.77 ലക്ഷം രൂപയും പലിശ 72,21,358 രൂപയും പിഴപലിശ 7,98,580 രൂപയും അടക്കം 1,03,96,938 രൂപ അടവാക്കാൻ ബാക്കി നിൽപുണ്ട്.

സംഘത്തിലെ 31-3-2005-ലെ സ്റ്റോക്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 19,49,653 രൂപയുടെ ഇളകുന്ന മുതലുകളുണ്ട്. സംഘത്തിലെ ഇളകുന്ന മുതലും റെക്കോർഡുകളും താമരശ്ശേരിയിലുള്ള ഡിസ്ട്രിക്ട് റെഡിമെയ്ഡ് ഗാർമെന്റ്സ് സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോറിന്റെ ഗോഡൗണിൽ സൂക്ഷിച്ചിരിക്കുകയാണ്. ഉപകരണങ്ങളെല്ലാം തന്നെ തുരുമ്പെടുത്ത് നശിച്ചുകൊണ്ടിരിക്കുകയാണെന്നും 4 വർഷമായി ആഡിറ്റ് നടക്കുന്നില്ലെന്നും ഭരണസമിതിയും പ്രവർത്തനവും ഇല്ലാതിരിക്കുകയാണെന്നും പുനരുദ്ധാരണത്തിന് സാധ്യതയില്ലെന്നും ബോധിപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ കേരള സഹകരണ നിയമം വകുപ്പ് 66(2) പരിശോധന റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും, അസിസ്റ്റന്റ് രജിസ്ട്രാറുടെ ശുപാർശ എന്നിവ പരിഗണിച്ചും സംഘത്തെ പുനരുദ്ധീകരിക്കുന്നതിന് സാധ്യത ഇല്ലായെന്ന് ബോധ്യപ്പെട്ടതിനാൽ ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

കേരള റെഡിമെയ്ഡ് ഗാർമെന്റ്സ് സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ (ക്ലിപ്തം) നമ്പർ ഡി 4419-ലെ പ്രവർത്തനം പൂർണ്ണമായും നിലച്ചതിനാലും പുനരുദ്ധീകരിക്കുന്നതിന് സാധ്യത ഇല്ലായെന്ന് അസിസ്റ്റന്റ് രജിസ്ട്രാറുടെ റിപ്പോർട്ട് പരിഗണിച്ചും സംഘത്തെ കേരള സഹകരണ നിയമം വകുപ്പ് 71(1) പ്രകാരം ലിക്വിഡേറ്റ് ചെയ്യുന്നതിന് വകുപ്പ് 72(1) പ്രകാരം കോഴിക്കോട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ സിവിൽ സ്റ്റേഷൻ യൂണിറ്റ് ഇൻസ്പെക്ടർ ശ്രീ. ബിജീഷ് കുമാർ, വി., സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടറെ നിയോഗിച്ച് ഉത്തരവാകുന്നു.

സംഘത്തിൽ ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത വിവരം ഈ ഓഫീസിൽ അറിയിക്കണമെന്നും സമാപ്തീകരണം രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കണമെന്നും സമാപ്തീകരിക്കുന്നതിനുള്ള ചെലവ് സംഘം വഹിക്കണമെന്നും ഉത്തരവാകുന്നു.

സഹകരണ സംഘം (ഒപ്പ്)

ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, ജോയിന്റ് രജിസ്ട്രാർ (ജനറൽ).

കോഴിക്കോട്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.02 02:50:24 +05:30